**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


08-07-2021

**1. സംസ്ഥാന കർഷകഅവാർഡ് – അപേക്ഷിക്കേണ്ട തീയതി നീട്ടി**

സംസ്ഥാന കാർഷികവികസന കർഷകക്ഷേമവകുപ്പ് 2020 വർഷത്തിൽകാർഷികമേഖലയിലെവിവിധരംഗങ്ങളിൽമികച്ച പ്രവർത്തനം കാഴ്ചവച്ചവർക്ക് നൽകുന്ന കർഷകഅവാർഡുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 9-വരെ (**09/07/2021**) ദീർഘിപ്പിച്ചിട്ടുണ്ട്. അപേക്ഷയും വിശദാംശങ്ങളും **www.fibkerala.gov.in,** www.keralaagriculture.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

2. വിള ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷൻ

ഖാരിഫ് 2021 സീസണിലേക്കുള്ള പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടേയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടേയും സ്പെഷ്യൽ രജിസ്ട്രേഷൻ ക്യാമ്പയിൻ ജൂലായ് 12 മുതൽ 16 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർ ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്, നികുതിച്ചീട്ട്, പാട്ടകൃഷിയുണ്ടെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ കോപ്പിയുമായി ഏറ്റവും അടുത്തുള്ള കേന്ദ്രഗവൺമെന്റിന്റെ ഡിജിറ്റൽ സേവാ കേന്ദ്രങ്ങളെയോ (CSC) അക്ഷയ കേന്ദ്രങ്ങളെയോ സമീപിക്കേണ്ടതാണ്.

**ഓൺലൈൻ പരിശീലന പരിപാടികൾ**

3. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (08.07.2021) രാത്രി 7 മുതൽ 8 മണി വരെ **ജന്തുജന്യ രോഗങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പാലോട് സ്റ്റേറ്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലെ വെറ്ററിനറി സർജനായ ഡോ. അപർണ എസ് നയിക്കുന്ന പരിശീലനം **സമേതി**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കേരളയുടെ** ഫേസ്ബുക്ക് പേജിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **- 9349482600**

4. **കേരള വെറ്ററിനറി സർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്ന് (08-07-2021) വൈകിട്ട് 5 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള പന്നിവളർത്തൽ- വിവിധ പന്നിയിനങ്ങളും പ്രജനന രീതികളും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. അസിസ്റ്റന്റ് പ്രൊഫസർ ഡോ.മനോജ് എം. ആണ് പരിശീലനം നയിക്കുന്നത്. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐ ഡി ഇനി പറയുന്നു. **9995213500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

5. **തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്ര**ത്തിൽ **കന്നുകാലികളിലെ മഴക്കാലരോഗങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും** എന്ന വിഷയത്തിൽ ഇന്ന് (8-07-2021) രാവിലെ 8.30 മണി മുതൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0471-2440911** എന്ന നമ്പരിലോ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ പേര്, മേൽവിലാസം, വാട്ട്സ് ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. എറണാകുളം ആർ എ റ്റി റ്റി സി **പരിശീലന കേന്ദ്രത്തിൽ** നിന്നും നാളെ (09-07-2021) ഉച്ച തിരിഞ്ഞ് 2.30 ന് വിള ഇൻഷുറൻസ് പദ്ധതിയെ കുറിച്ച് കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അനിത ജെയിംസ് വിശദീകരിക്കുന്നു. ആർ എ റ്റി റ്റി സി വൈറ്റിലയുടെ ഫേസ് ബുക്ക് പേജായ ആർ എ റ്റി റ്റി സി ട്രയിനിംങ്ങിൽ തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **- 9961315789, 8547626402**

7. **തിരുവല്ല** മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (09-07-2021) ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൌജന്യ ഓൺലൈൻ

പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 9188522711 എന്ന ഫോൺ നമ്പരിൽ വാട്സ് ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 15,16 തീയതികളിൽ മുയൽ വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **0471 2732918** **9188522701.**

**9. കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ**

1) വെള്ളക്കെട്ടുള്ള കൃഷിയിടങ്ങളിൽ വെള്ളം വാർന്നു പോയതിനുശേഷം വാഴക്കു ചുറ്റും മണ്ണ് കേറ്റി കേടുവന്ന ഇലകൾ മുറിച്ചുമാറ്റി 13:0:45 എന്ന വളം 5 ഗ്രാം ഒരു ലിറ്റർ slഹള്ളത്തിൽ നേർപ്പിച്ചു ഇലകളിൽ തളിക്കുക.
2) വാഴയിൽ തട തുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ 2 മില്ലി കോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ നോർപ്പിച്ച് തളിക്കുക.
3) വാഴയിൽ തട തുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ 2 മില്ലി കോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക.
4) മഴക്കാലത്ത് വാഴയിൽ കട ചീയൽ രോഗം വരാതെ തടയുന്നതിന് നീർവാർച്ച സൗകര്യം ഉറപ്പാക്കണം. ബ്ലീച്ചിങ് പൗഡർ ഇട്ടുകൊടുക്കുകയോ 10 ശതമാനം വീര്യത്തിൽ ചാണക സ്ലറി തടത്തിൽ ഒഴിച്ചുകൊടുക്കുകയോ ചെയ്യാവുന്നതാണ്.

**അറിയിപ്പുകൾ**

10. **കൃഷി വകുപ്പിന്റെ പെരിന്തൽമണ്ണ ബ്ലോക്കിലെ** കൃഷി ഭവനുകളുടെ കീഴിൽ കാർഷക ഉത്പാദക കമ്പനി രൂപീകരണം നടന്നു വരുന്നു. ആയതിനാൽ പ്രസ്തുത കൃഷിഭവനുകൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കീഴിൽ വാഴ, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ, തേൻ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്ന എല്ലാ കർഷകരും കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അവിടങ്ങളിൽ രൂപീകരിച്ചുകൊണ്ടിരിക്കുന്ന ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകളിൽ അംഗങ്ങളാകേണ്ടതാണെന്ന് പെരിന്തൽമണ്ണ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

11. ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP) യിൽ അംഗമാകുന്നതിനായി ജൂലൈ 12 നകം അപേക്ഷ നൽകണമെന്നും അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകളും, മികച്ചയിനം കുരുമുളക് തൈകളും ആവശ്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്നും പിണ്ടിമന കൃഷി ഓഫീസർ അറിയിക്കുന്നു.

12. ആലുവ കൃഷിഭവനിൽ എസ് എച്ച് എം പോഷക തോട്ട പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് കിറ്റ് വിതരണം തുടങ്ങി.

13. ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണ പദ്ധതിയുടെ ഭാഗമായി ടിഷ്യൂകൾച്ചർ നേന്ത്രവാഴ തൈകൾ വിതരണത്തിന് സജ്ജമായതായി കോട്ടുവള്ളി കൃഷി ഓഫീസർ അറിയിക്കുന്നു.

14. കേരകേരളം സമൃദ്ധകേരളം പദ്ധതിതയുടെ ഭാഗമായി ഗുണമേൻമയുള്ള നാടൻ തെങ്ങിൻ തൈകൾ ആവശ്യമുള്ളവർ ഏലൂർ കൃഷി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**